ഇപ്പോൾ ന്യൂനപക്ഷ സമുദായ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള സീറ്റിന്റെ ശതമാനം 50 എന്നത് സുപ്രീംകോടതി റദ്ദാക്കിയതിനാൽ ഈ സ്ഥാനത്ത് സംസ്ഥാന സർക്കാർ സംസ്ഥാനത്തെ ന്യൂനപക്ഷത്തിന്റെ ജനസംഖ്യയും ന്യൂനപക്ഷ സീറ്റുകളുടെ ആവശ്യകതയും കണക്കിലെടുത്ത് ശതമാനം നിശ്ചയിക്കേണ്ടതാണ്. ഇങ്ങനെ അനുവദിക്കുന്ന സീറ്റുകളിൽ അതാത് ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം നൽകാവൂ. ഒഴിവു വരുന്ന മാനേജുമെന്റ് സീറ്റുകൾ ജനറൽ സീറ്റിലേയ്ക്ക് തിരികെ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ നടത്തുന്ന കൗൺസിലിംഗ് വഴി അഡ്മിഷൻ നടത്തണം.

(3) ഫീസ്: വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനായി ചെലവാക്കപ്പെടുന്ന പണം മുഴുവനും വിദ്യാർത്ഥികളുടെമേൽ ഫീസിനത്തിൽ ചുമത്തരുത്. അധികമായി വേണ്ടിവരുന്ന തുക കൺസൾട്ടൻസി/പ്രോജക്ട് വർക്കുകൾ മുതലായവ വഴി അതാത് സ്ഥാപനങ്ങൾ സ്വരൂപിക്കണം. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പുതുക്കി നിശ്ചയിച്ച ഫീസ് 2003-2004 അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി പ്രവേശനത്തിനുമാത്രം ബാധകമാണ്. നിലവിലുള്ള വിദ്യാർത്ഥികൾക്ക് ഈ ഫീസ് ബാധകമാക്കരുത്.

(സി) ഈ നിർദ്ദേശങ്ങൾ ഉൾപ്പെടെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനവും ഫീസും സംബന്ധിച്ച വിഷയങ്ങൾ സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ പരിഗണനയിലാണ്. സുപ്രീംകോടതി വിധി വന്നശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനവും ഫീസും സംബന്ധിച്ച് യു.ജി.സി. ഉത്തരവ്

3 (*743) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ഡോ. തോമസ് ഐസക് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനവും ഫീസും സംബന്ധിച്ച് യു.ജി.സി. എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഉത്തരവിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ ഉത്തരവ് നടപ്പിലാക്കാത്ത സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ നൽകേണ്ടതില്ലെന്ന് സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലകൾ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സർവ്വകലാശാലകൾ ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ.

(എ) ഉണ്ട്.

(ബി) 31-10-2002-ലെ സുപ്രീംകോടതിയുടെ 11 അംഗ ഭരണഘടനാ ബഞ്ചിന്റെ വിധിയുടെ അടിസ്ഥാനത്തിലാണ് യു. ജി. സി. സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷൻ, മാനേജുമെന്റ് സീറ്റ്, ഫീസ് എന്നിവ സംബന്ധിച്ച് 10-6-2003-ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ഇവയാണ്.

1. അഡ്മിഷൻ : മാനേജുമെന്റ് സീറ്റ് ഉൾപ്പെടെയുള്ള എല്ലാ സീറ്റുകളിലും സംസ്ഥാന സർക്കാർ/ കേന്ദ്ര സർക്കാർ/യൂണിവേഴ്സിറ്റികൾ നടത്തുന്ന പൊതു പ്രവേശന പരീക്ഷയുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിലവിലുള്ള കൗൺസിലിംഗ് പ്രകാരം അഡ്മിഷൻ നടത്തുക. എന്നാൽ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ മാനേജുമെന്റ് സീറ്റ് ഈ റാങ്ക് ലിസ്റ്റിൽ നിന്നും സുതാര്യമായ ഒരു കൗൺസിലിംഗ് വഴി നികത്തേണ്ടതാണ്.

2. മാനേജ്മെന്റ് സീറ്റ് : സുപ്രീം കോടതി വിധി പ്രകാരം ഒരു നിശ്ചിത ശതമാനം സീറ്റുകൾ മാനേജ്മെന്റ് സീറ്റായി നീക്കി വയ്ക്കാവുന്നതാണ്. ഇതിൽ ന്യൂനപക്ഷ സമുദായ സ്ഥാപനത്തിനും ഭൂരിപക്ഷ സമുദായ സ്ഥാപനത്തിനും പ്രത്യേകം ശതമാനം നിശ്ചയിക്കാം. എന്നാൽ ഭൂരിപക്ഷ കോളേജുകൾക്ക് 15 ശതമാനത്തിൽ കൂടുതൽ സീറ്റ് അനുവദിക്കാൻ പാടില്ല. ഈ മാനേജ്മെന്റ് സീറ്റ് നികത്താത്തപക്ഷം ജനറൽ മെരിറ്റിൽ ഉൾപ്പെടുത്തി പൊതു കൗൺസിലിംഗ് വഴി നികത്തേണ്ടതാണ്.

ഇപ്പോൾ ന്യൂനപക്ഷ സമുദായ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള സീറ്റിന്റെ ശതമാനം 50 എന്നത് സുപ്രീം കോടതി റദ്ദാക്കിയതിനാൽ ഈ സ്ഥാനത്ത് സംസ്ഥാന സർക്കാർ സംസ്ഥാനത്തെ ന്യൂനപക്ഷത്തിന്റെ ജനസംഖ്യയും ന്യൂനപക്ഷ സീറ്റുകളുടെ ആവശ്യതകയും കണക്കിലെടുത്ത് ശതമാനം നിശ്ചയിക്കേണ്ടതാണ്. ഇങ്ങനെ അനുവദിക്കുന്ന സീറ്റുകളിൽ അതാതു ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം നൽകാവൂ. ഒഴിവ് വരുന്ന മാനേജുമെന്റ് സീറ്റുകൾ ജനറൽ സീറ്റിലേയ്ക്ക് തിരികെ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ നടത്തുന്ന കൗൺസിലിംഗ് വഴി അഡ്മിഷൻ നടത്തണം.

3. ഫീസ് : വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ചെലവാക്കപ്പെടുന്ന പണം മുഴുവൻ വിദ്യാർത്ഥികളുടെ മേൽ ഫീസിനത്തിൽ ചുമത്തരുത്. അധികമായി വേണ്ടിവരുന്ന തുക കൺസൾട്ടൻസി/ പ്രോജക്ട് വർക്കുകൾ മുതലായവ വഴി അതാതു സ്ഥാപനങ്ങൾ സ്വരൂപിക്കണം. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പുതുക്കി നിശ്ചയിച്ച ഫീസ് 2003-2004 -ലെ പ്രവേശനത്തിന് മാത്രം ബാധകമാണ്. ഇപ്പോൾ നിലവിലുള്ള വിദ്യാർത്ഥികൾക്ക് ഈ ഫീസ് ബാധകമാക്കരുത്.

(സി) കേരള സർവ്വകലാശാല .

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ നിർദ്ദേശങ്ങൾ ഉൾപ്പെടെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനവും ഫീസും സംബന്ധിച്ച വിവരങ്ങൾ സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ പരിഗണനയിലാണ്. സുപ്രീം കോടതി വിധി വന്നശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ബിനോയ് വിശ്വം : സർ, ഒരു കാളച്ചന്തയായി മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ വിദ്യാഭ്യാസമേഖലയിൽ സർക്കാരിനു താല്പര്യമുണ്ടെങ്കിൽ ഒരുപാടു മാറ്റങ്ങൾ വരുത്താൻ സഹായിക്കുന്ന ഒന്നാണ് ഈ യു. ജി. സി. നോട്ടിഫിക്കേഷൻ. സുപ്രീംകോടതിയുടെ 11 അംഗ ഭരണഘടനാ ബഞ്ചിന്റെ പിൻബലത്തോടുകൂടിയാണ് യു.ജി.സി.യുടെ 10-6- 2003-ലെ ഈ ഉത്തരവു വന്നിരിക്കുന്നത്. ഇതിന്റെ വെളിച്ചത്തിൽ പുഷ്പഗിരി, കോലഞ്ചേരി മെഡിക്കൽ കോളേജുകളെ സംബന്ധിച്ചുള്ള കേസ് ഇപ്പോഴും സുപ്രീംകോടതിയിലാണ്. ഗവൺമെന്റു വിളിച്ചാൽ അവർ വരില്ല. ഇങ്ങനെയുള്ള മാനേജുമെന്റുകളെ പിടിച്ചു കെട്ടാനായി യു.ജി. സി. നോട്ടിഫിക്കേഷൻ ഉയർത്തിപ്പിടിക്കാൻ സംസ്ഥാന ഗവൺമെന്റ് ഒരുക്കമാകുമോ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഇക്കാര്യത്തിലുള്ള ഗവൺമെന്റിന്റെ നിലപാട് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചും മെഡിക്കൽ കോളേജുകളുടെ ഇഷ്യൂവാണ് ഇതിനകത്തു വന്നിരിക്കുന്നത്. മെഡിക്കൽ കോളേജുകളെ സംബന്ധിച്ചുള്ള ഗവൺമെന്റ് സ്റ്റാന്റ് എന്നു പറയുന്നത് 50 ശതമാനം മെരിറ്റും 50 ശതമാനം മാനേജുമെന്റ് ക്വാട്ടയുമെന്നാണ്. അതിൽ ഒരു വ്യതിയാനവും ഗവൺമെന്റ് വരുത്തിയിട്ടില്ല. ഇപ്പോൾ സുപ്രീംകോടതിയിൽ ഈ കേസ് പരിഗണനയിൽ ഇരിക്കുകയാണ്. ഇന്നും സുപ്രീംകോടതിയിൽ ഇതിന്റെ വാദം നടന്നു കൊണ്ടിരിക്കുകയാണ്. എത്രയും പെട്ടെന്നു സുപ്രീം കോടതിയുടെ വിധി നമ്മൾ പ്രതീക്ഷിക്കുന്നുണ്ട്. യു. ജി. സി. നൽകിയിരിക്കുന്ന ഗൈഡ് ലൈൻ, 2002-ൽ ഉണ്ടായ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ്. ആ ഗൈഡ് ലൈനിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളാണ് ഞാൻ ഇവിടെ വിശദീകരിച്ചത്. ആ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റുകൾക്ക് കൂടുതൽ അധികാരങ്ങൾ കിട്ടണമെന്നുള്ള അഭിപ്രായത്തിലാണ് അവരിപ്പോൾ. 25 ശതമാനം സീറ്റു മാത്രമേ മെരിറ്റിൽ പറ്റൂ. 75 ശതമാനം സീറ്റ് അവർക്കു വേണമെന്നാണ് പറയുന്നത്. അതിനോടു ഗവൺമെന്റിനു യോജിപ്പില്ല. സുപ്രീംകോടതി വിധി വന്നതിനുശേഷം ഗവൺമെന്റിന്റെ പ്രഖ്യാപിത പോളിസിയായിട്ടുള്ള 50 ശതമാനം മെരിറ്റും 50 ശതമാനം മാനേജുമെന്റ് ക്വാട്ടയുമെന്നുള്ള ആവശ്യത്തിൽത്തന്നെ നിലനിന്നുകൊണ്ട് നിയമ നിർമ്മാണം ആവശ്യമാണെങ്കിൽ അതും അനന്തര നടപടികൾ വേണമെങ്കിൽ അതും തീർച്ചയായിട്ടും ഗവൺമെന്റ് ചെയ്യുന്നതാണ്.

ശ്രീ. ബിനോയ് വിശ്വം : സർ, ഗവൺമെന്റിനു താല്പര്യമുണ്ടെങ്കിൽ ഈ നോട്ടിഫിക്കേഷൻ നല്ലൊരു ആയുധമാണ്. പക്ഷേ മറുപടി ഇല്ലാത്തതുകൊണ്ട് ഒന്നും പറയുന്നില്ല. വളരെ അവ്യക്തമായിട്ടാണ് ഉത്തരം പറഞ്ഞിരിക്കുന്നത്. കേരളാ സർവ്വകലാശാല കൃത്യമായിട്ടും ഈ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ നീക്കുമെന്നും കച്ചവടം പാടില്ല എന്നും

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചുകൊണ്ട് നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഫീസ് അടക്കമുള്ള കാര്യങ്ങളിൽ, യു.ജി. സി. നിർദ്ദേശങ്ങളെ ഉയർത്തിപ്പിടിക്കാൻ തയ്യാറായ കേരള യൂണിവേഴ്സിറ്റിയുടെ നിലപാടിനെ ഗവൺമെന്റ് പിന്താങ്ങുമോ?

ശ്രീ. ടി. എം. ജേക്കബ് : സർ, യൂണിവേഴ്സിറ്റി എടുത്ത നിലപാടിനോട് ഗവൺമെന്റിനു വിയോജിപ്പില്ലല്ലോ. ഗവൺമെന്റ് സ്റ്റാൻറ് യൂണിവേഴ്സിറ്റി എടുത്തതിൽ നിന്നും വ്യത്യസ്തവുമല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റും യൂണിവേഴ്സിറ്റിയും തമ്മിൽ അഭിപ്രായവ്യത്യാസം ഇല്ല. ഇവിടെ പൊതുവായിട്ടുള്ള അഭിപ്രായം ഞാൻ പറഞ്ഞു. ഗവൺമെന്റിന് ഇക്കാര്യത്തിൽ ഉറച്ച നിലപാടാണുള്ളത്. മാനേജുമെന്റിന്റെ കാര്യത്തിൽ 50 ശതമാനം സീറ്റു മാത്രമേ അവർക്ക് അർഹതപ്പെട്ടതായിട്ടുള്ളൂ എന്നും ഗവൺമെന്റു പറഞ്ഞിട്ടുണ്ട്. രണ്ട് പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുമ്പോൾ ഒരു ഗവൺമെന്റ് കോളേജിനു തുല്യമാണ്. അതാണ് ഗവൺമെന്റ് പോളിസി. അതിൽ തന്നെ ഗവൺമെന്റ് ഉറച്ചു നിൽക്കുകയും ചെയ്യും. ഇപ്പോൾ യു. ജി. സി. താൽക്കാലികമായി പുറപ്പെടുവിച്ചിട്ടുള്ള ഒരു നോംസുണ്ട്. ആ നോംസ് നമുക്കു സ്വീകാര്യമല്ല.

ശ്രീ. എൻ. രാജൻ : സർ, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനായി ചെലവഴിക്കപ്പെടുന്ന പണം മുഴുവൻ വിദ്യാർത്ഥികളുടെ മേൽ ഫീസിനത്തിൽ ചുമത്തരുത് എന്ന് സ്വാശ്രയ കോളേജുകളിലെ ഫീസിനെ സംബന്ധിച്ച് യു.ജി. സി. നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം കോളേജുകൾ ഫീസിനുപകരം ധാരാളം പണം വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ?

ശ്രീ. ടി. എം. ജേക്കബ് : സർ, അങ്ങനെയൊരു ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെയൊരു ആക്ഷേപം വന്നാൽ തീർച്ചയായും അതു പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. രാജൻ : സർ, ന്യൂനപക്ഷ സ്വാശ്രയ കോളേജുകളിലെ അഡ്മിഷൻ, മാനേജുമെന്റ് സീറ്റ്, ഫീസ് തുടങ്ങിയവയെ സംബന്ധിച്ച് യു.ജി.സി. ചില നിർദ്ദേശങ്ങൾ പറഞ്ഞിട്ടുണ്ട്. എന്നാൽ എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ റിസർവേഷനെ സംബന്ധിച്ചോ അവരുടെ പ്രവേശനത്തെ സംബന്ധിച്ചോ പ്രതിപാദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അതിനേൽ എന്തു നടപടി എടുക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത് എന്നു വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, എസ്.സി./എസ്.ടി.-ക്ക് അർഹതപ്പെട്ട റിസർവേഷനും ഫീസ് കൺസെഷനും കിട്ടണം. അതിനകത്തു ചില നടപടികൾ ഇപ്പോൾ തന്നെയുണ്ട്. അവർക്ക് കൺസെഷൻ കൊടുക്കുന്ന തുകയെല്ലാം മീറ്റു ചെയ്യുന്നത് സ്റ്റേറ്റ് ഗവൺമെന്റ് തന്നെയാണ്. എസ്. സി/ എസ്.ടി. വിഭാഗത്തിന് അർഹമായിട്ടുള്ള റിസർവേഷനും നിലവിലുള്ള ഫീസ് കൺസെഷനും ഈ സ്ഥാപനങ്ങളിൽ തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജുമെന്റ് സീറ്റിന്റെ കാര്യം. ആ പ്രദേശത്തിന്റെ നില പരിഗണിച്ച് സംസ്ഥാന സർക്കാരിന് തീരുമാനിക്കാവുന്നതാണ് എന്നാണ് യു.ജി. സി. നിർദ്ദേശം സ്വകാര്യസ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 25 ശതമാനം സീറ്റുകൾ മാത്രമേ മെരിറ്റിന് നൽകാവൂ എന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശങ്ങളിൽ പറയുന്നത്. ഈ മാർഗ്ഗനിർദ്ദേശത്തെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണ് ; ഈ മാർഗ്ഗനിർദ്ദേശങ്ങൾ സ്വാശ്രയ മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ സംസ്ഥാനത്തു നടപ്പാക്കുന്നതിന് ഗവൺമെന്റിനുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ. ഗവൺമെന്റിന്റെ നിലപാട് ഞാൻ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്. ഗവൺമെന്റ് നിലപാട് 50 ശതമാനം മെരിറ്റും 50 ശതമാനം മാനേജുമെന്റ് കാറ്റഗറിയുമാണ്. 2002-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു ഇന്റീരിം ഡയറക്ഷൻ, റെഗുലേഷൻ ഇപ്പോൾ വന്നിട്ടുള്ളത് 2003-04 അദ്ധ്യയന വർഷത്തേയ്ക്കു മാത്രമേ ബാധകമാവുകയുള്ളൂവെന്നാണ്. അതിനോട് അനുബന്ധമായി കേന്ദ്ര ഗവൺമെന്റിൽ ഇതു പറഞ്ഞു കാണും. 50 ശതമാനം മെരിറ്റും 50 ശതമാനം മാനേജുമെന്റ് കാറ്റഗറിയും എന്നുള്ളതിൽ യാതൊരു വ്യത്യാസവും വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ. ട്യൂഷൻ ഫീസും വിവിധയിനങ്ങളിലുള്ള ഫീസുകളും സംസ്ഥാന സർക്കാരിന് ഒരു ഏകീകൃതമായ രീതിയിൽ തീരുമാനിക്കാവുന്നതാണ് എന്നാണ് യു. ജി. സി. നിർദ്ദേശം. സ്വാശ്രയ മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ഫീസ് നിരക്ക് പരിശോധിക്കാൻ സംസ്ഥാന തലത്തിൽ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയെ നിയോഗിക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സ്റ്റാന്റിംഗ് കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യത്തിലും ഫീസ് നിരക്കിനെ സംബന്ധിച്ച് പരിശോധന നടത്തുന്ന കാര്യത്തിലും സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണെന്നു വ്യക്തമാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ. സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിനു മുമ്പിൽ ഈ കേസ് നടന്നുകൊണ്ടിരിക്കുകയാണ്. അതിനകത്ത് സ്റ്റേറ്റു ഗവൺമെന്റിനുവേണ്ടി പ്രമുഖ അഭിഭാഷകനായ വേണുഗോപാലാണ് ഹാജരാകുന്നത്. അദ്ദേഹം കേരളാ ഗവൺമെന്റിന്റെ സ്റ്റാന്റ് എന്താണെന്നു സുപ്രീംകോടതിയിൽ പറയുന്നുണ്ട്. ഇന്ത്യയിലെ എല്ലാ സ്റ്റേറ്റുകളും ഈ കേസ്സിൽ കക്ഷിയായി നിന്നുകൊണ്ട് മൈനോരിറ്റിസിനെ സംബന്ധിച്ചുള്ള വാദം കേൾക്കുന്നുണ്ട്. ആ വിധി വന്നതിനുശേഷം ഗവൺമെന്റ് ഫീസ് നിശ്ചയിച്ചു കഴിഞ്ഞാൽ അങ്ങനെ നിശ്ചയിച്ച ഫീസിൽ കൂടുതൽ വാങ്ങിയാൽ അവർക്കെതിരെ എന്തു നടപടി സ്വീകരിക്കണം എന്നീ കാര്യങ്ങളെല്ലാം ഗവൺമെന്റ് പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഗവൺമെന്റ് സുപ്രീംകോടതി വിധി പ്രതീക്ഷിച്ചു നിൽക്കുകയാണ്. എത്രയും പെട്ടെന്നു കോടതി വിധി വരുമെന്നു തന്നെയാണ് ഗവൺമെന്റിന്റെ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, 50 ശതമാനം മെരിറ്റടിസ്ഥാനത്തിൽ സ്വകാര്യ സ്വാശ്രയകോളേജുകളിൽ കുട്ടികളെ നിശ്ചയിക്കുന്ന സന്ദർഭത്തിൽ സർക്കാർ കോളേജുകളിലുള്ള ഫീസിന് ആനുപാതികമായി അതേ രീതിയിലുള്ള ഒരു ഏകീകൃതമായ ഫീസ് നിശ്ചയിക്കുമെന്ന് ഗവൺമെന്റ് ഇതിനുമുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. ആ കാര്യത്തിൽ സർക്കാർ കോളേജുകളിലുള്ള കുട്ടികളുടെ ഫീസും 50 ശതമാനം മെരിറ്റിൽ പ്രവേശിപ്പിക്കുന്ന കുട്ടികളുടെ ഫീസും ഒരേ രീതിയിൽ ആക്കുന്നതിന് ഗവൺമെന്റിന് നിർദ്ദേശം നൽകാൻ കഴിയുമോ?

ശ്രീ. ടി. എം. ജേക്കബ് : സർ, സ്വാശ്രയ കോളേജുകളിൽ എല്ലാ സീറ്റിലേയ്ക്കുമുള്ള ഫീസും ഒരേ നിരക്കിൽ ആക്കുക സാധ്യമല്ല. മെരിറ്റിൽ വരുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ തർക്കം ഉയർന്നു വന്നിട്ടുണ്ട്. അതു കുട്ടികൾക്ക് താങ്ങാനാവുന്ന വിധത്തിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന നിലയിലേയ്ക്ക് കൊണ്ടുവരണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്. അതിനുള്ള കുറെ ചർച്ചകൾ നടന്നു കഴിഞ്ഞു. എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജുമെന്റുകളുമായി വിദ്യാഭ്യാസ വകുപ്പുമന്ത്രി ചർച്ച നടത്തി. അതുപോലെ മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റുകളുമായും ചർച്ച നടത്തി. ചില മാനേജ്മെന്റുകൾ യോജിപ്പും ചിലർ വിയോജിപ്പും പ്രകടിപ്പിച്ചിട്ടുണ്ട്. ഒരു സമന്വയം ഉണ്ടാക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്. ഗവൺമെന്റ് കൺഫ്രണ്ടേഷൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഗവൺമെന്റ് പോളിസി വയലേറ്റു ചെയ്യാൻ ആരെങ്കിലും തീരുമാനിച്ചാൽ ഗവൺമെന്റിനെക്കൊണ്ടു സ്വീകരിക്കാവുന്ന എല്ലാ നടപടികളും സ്വീകരിക്കും. അതാണ് ഗവൺമെന്റിന്റെ സമീപനം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ടേൺകീ ബേസിസ് ടെൻഡർ വിളിക്കുന്ന നടപടി

4 (*735) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ടേൺകീ ബേസിസ് ടെൻഡർ വിളിക്കുന്ന നടപടി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ടേൺകീ ബേസിസ് ടെൻഡറിന്റെ പ്രത്യേകതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ജോലികൾക്ക് ടേൺകീ ബേസിസ് ടെൻഡർ ഇതിനകം വിളിച്ചുവെന്ന് വെളിപ്പെടുത്തുമോ ;